# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**2012 ജൂൺ 19, ചൊവ്വ**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**
**(ആകെ ചോദ്യങ്ങൾ- 297)**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 1870 മുതൽ 2018വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 2019 മുതൽ 2055 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 2056 മുതൽ 2112 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 2113 മുതൽ 2166 വരെ |

**ആർ. ജി. ജി. വി. വൈ.**

1870 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി. വൈ. പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### വൈദ്യുതി ആവശ്യകത

1871 ശ്രീ. ഇ. പി. ജയരാജന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ചന്ദ്രന്‍
,, കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 18-ാം പവര്‍ സര്‍വ്വെ പ്രകാരം കേരളത്തിന്റെ ഭാവി വൈദ്യുതി ആവശ്യകതയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യകത പൂര്‍ണ്ണമായും നിറവേറ്റാന്‍ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

(സി) ഭാവി ആവശ്യകത നിറവേറ്റുന്നതിനായി കേരളത്തില്‍ ഓരോ വര്‍ഷവും പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികള്‍ വഴി പവര്‍ സര്‍വ്വേയില്‍ കണക്കാക്കിയിട്ടുള്ള ആവശ്യകത നിറവേറ്റാന്‍ കഴിയുമോ ; ഇല്ലെങ്കില്‍ ഓരോ വര്‍ഷവും പ്രതീക്ഷിക്കുന്ന കമ്മിയെത്ര;

(ഇ പ്രസ്തുത കമ്മി നികത്തുന്നതിനുള്ള നടപടികള്‍ വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതി</u>

1872 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്ന് നാളിതുവരെ കേന്ദ്ര വിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കേന്ദ്ര വിഹിതത്തിൽ വർദ്ധനവുണ്ടായോ; വ്യക്തമാക്കാമോ ?

(സി) 2006 മുതൽ 2011 വരെ ഓരോ വർഷത്തിലും ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ കണക്ക് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം എപ്പോഴെങ്കിലും പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമെന്ന് വ്യക്തമാക്കുമോ;

(ഇ) ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്ക് മുൻ വർഷത്തെക്കാളും കൂടിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പവർകട്ടും, ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തുവാനുണ്ടായ കാരണം വിശദീകരിക്കാമോ ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>കൂടംകുളം നിലയത്തിൽ നിന്നും കേരളത്തിന് അർഹമായ വൈദ്യുതി</u>**

1873 **ശ്രീ. വി.ഡി. സതീശൻ**
'' **തേറമ്പിൽ രാമകൃഷ്ണൻ**
'' **ബെന്നി ബഹനാൻ**
'' **റ്റി.എൻ. പ്രതാപൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് കേരളത്തിന് അർഹമായ വൈദ്യുതി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഗാഡ്ഗിൽ സൂത്രവാക്യം അനുസരിച്ച് എത്ര ശതമാനം വൈദ്യുതിയാണ് കേരളത്തിന് അർഹമായിട്ടുള്ളത്;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ പുന:സംഘടന**

1874 **ശ്രീ. മുല്ലക്കര രത്നാകരൻ**
**,, ചിറ്റയം ഗോപകുമാർ**
**,, കെ. രാജു**
**,, ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുന:സംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാന താല്പര്യം മുൻനിർത്തി വൈദ്യുതി നിയമം നിർമ്മിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശയിന്മേലുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കമ്പനിവൽക്കരണം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ**

1875 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കും വിദ്യുച്ഛക്തി ബോർഡിനും ജീവനക്കാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം എന്ന ആശയം പുന: പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം നിയമനിർമ്മാണത്തിലൂടെ**

1876 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനിവൽക്കരണത്തിലൂടെ മറ്റു സംസ്ഥാനങ്ങൾക്കുണ്ടായ ഗുണദോഷങ്ങൾ പരിശോധിക്കുമോ;

(സി) ഗുജറാത്ത് വൈദ്യുതി ബോർഡിനെ കമ്പനിയാക്കിയപ്പോൾ ട്രാൻസ്ഫർ സ്കീമിന് ഗുജറാത്ത് നിയമസഭ നിയമനിർമ്മാണം നടത്തി രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ ഉത്തരവിലൂടെ പകരം കമ്പനിയാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിവത്ക്കരിക്കുന്നത് നിയമനിർമ്മാണത്തിലൂടെ ആകണമെന്ന വൈദ്യുതി ബോർഡ് ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ ജീവനക്കാർക്കുള്ള ആശങ്കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കമ്പനിവത്ക്കരണ നടപടികൾ സംബന്ധിച്ച് ബോർഡിലെ പെൻഷൻകാരുടെ ആശങ്കൾ പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ**

1877 ശ്രീ. കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) എത്ര ചെറുകിട ജലസേചന പദ്ധതികളുടെ സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട്, വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയും ഉല്പാദനവും**

1878 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതമായ എത്ര ജലവൈദ്യുത പദ്ധതികളാണ് പ്രവർത്തന സജ്ജമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷി എത്ര മെഗാവാട്ട് ആണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജലവൈദ്യുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) സ്ഥാപിതശേഷിയിൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയാത്ത പദ്ധതികളിൽ നിന്നും സ്ഥാപിതശേഷിക്കു തുല്യമായി ഉല്പാദനം നടത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ഉത്പാദനമേഖലയിൽ പുതിയ പദ്ധതികൾ**

**1879** **ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2006 മെയ് മുതൽ 2011 മെയ് വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപാദനമേഖലയിൽ ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകി; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ചു;

(ബി) ഈ കാലയളവിൽ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം നടന്നു; ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു;

(സി) ഈ കാലയളവിൽ എത്ര പദ്ധതികൾ കമ്മീഷൻ ചെയ്തുവെന്നും പ്രസ്തുത പദ്ധതികളുടെ ഉൽപാദനശേഷിയെത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാനാകുമെന്ന് പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഇ) 2011 മെയ് മാസത്തിനുശേഷം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

''ഭാരത് നിർമ്മാൺ പദ്ധതി''

1880 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിഹിതത്തിന് പുറമേ സംസ്ഥാനത്തിന് ഏതൊക്കെ സ്ഥലങ്ങളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യൂതി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രാജ്യത്തെ ഒരു ലക്ഷം ഗ്രാമങ്ങൾ വൈദ്യുതീകരിക്കാനുള്ള ''ഭാരത് നിർമ്മാൺ പദ്ധതി'' കേരളത്തിൽ എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

ചിമ്മിനി ഡാമിൽ നിന്നും വൈദ്യുതി ഉല്പാദനം

1881 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ബാരാപോൾ ജലവൈദ്യുതി പദ്ധതി**

1882 **ശ്രീ. സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാരാപോൾ ജലവൈദ്യുതി പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ആവശ്യത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഒഴിവാക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കണ്ണൂർ ജില്ലയിലെ ആർ.ജി.ജി.വൈ. പ്രകാരമുള്ള വൈദ്യുതീകരണം</u>**

1883 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കണ്ണൂർ ജില്ലയിലെ ചെറുപുഴ, പെരിങ്ങോം-വയക്കര, കാങ്കോൽ-ആലപ്പമ്പ പഞ്ചായത്തുകളിൽ മുൻസർക്കാർ ആരംഭിച്ച ആർ.ജി.ജി.വൈ. പ്രകാരമുള്ള വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ആർ.ജി.ജി.ഇ.വൈ പദ്ധതി**

1884 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ആർ.ജി.ജി.ഇ.വൈ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കരാർ എടുത്ത സ്ഥാപനം സമയബന്ധിതമായിപ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പുനരാരംഭിക്കാൻ സാധിക്കുമോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോര്‍ഡിന്റെ 2012-13 വര്‍ഷത്തെ വരവ്-ചെലവ് കണക്ക്**

1885 ശ്രീ. വി.എസ്. സുനില്‍ കുമാര്‍
'' വി. ശശി
'' ഇ.കെ. വിജയന്‍
'' ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷന്‍ അംഗീകരിച്ച വൈദ്യുതി ബോര്‍ഡിന്റെ 2012-13 വര്‍ഷത്തെ വരവ്-ചെലവ് കണക്കു കളനുസരിച്ച് മൊത്തം വരവും ചെലവും എത്രയാണ്; അതില്‍ എത്ര തുക കമ്മി പ്രതിക്ഷിക്കുന്നു;

(ബി) പ്രസ്തുത കമ്മി നികത്തുന്നതിന് വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി ഉല്പാദനത്തിനും വിലയ്ക്കു വാങ്ങുന്നതിനുമായി ബോര്‍ഡ് ആവശ്യപ്പെട്ട തുക എത്രയെന്നും കമ്മീഷന്‍ അംഗീകരിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### പ്രതിദിന വൈദ്യുതി ഉപഭോഗം

**1886** ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന വൈദ്യുതി ഉപഭോഗം എത്രയാണ്;

(ബി) കേന്ദ്രസർക്കാർ, അന്യസംസ്ഥാനങ്ങൾ, മറ്റു ഏജൻസികൾ എന്നിവ വഴി വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ**

1887 **ശ്രീ. മോൻസ് ജോസഫ്**
**,, തോമസ് ഉണ്ണിയാടൻ**
**,, സി. എഫ്. തോമസ്**
**,, റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രസരണ വിതരണ സംവിധാനങ്ങളിലൂടെ 20% വരെ വൈദ്യുതി നഷ്ടപ്പെടുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ രീതിയിൽ വൈദ്യുതി ചോർച്ച ഉണ്ടാകുന്നത് തടയുന്നതിനായി മരച്ചില്ലകൾ വെട്ടുക, ഗുണനിലവാരമുള്ള ഇലക്ട്രോണിക് മീറ്റർ ഘടിപ്പിക്കുക, വൈദ്യുതി മോഷണം തടയുക എന്നിവയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**വാര്‍ഷിക വൈദ്യുതി നിരക്കു വര്‍ദ്ധന**

1888 **ശ്രീ. എ. എ. അസീസ്**
**,, കോവൂര്‍ കുഞ്ഞുമോന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഓരോ വര്‍ഷവും വൈദ്യുതി നിരക്ക് വര്‍ദ്ധിപ്പിക്കണമെന്ന് കെ. എസ്. ഇ. ബി. വൈദ്യുതി റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇങ്ങനെ ആവശ്യപ്പെടാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെ. എസ്. ഇ. ബിയുടെ ഈ നിലപാടിനോടുള്ള സര്‍ക്കാര്‍ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ

## 19.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധനവ്</u>

1889 ശ്രീ. എം. എ. ബേബി
,, എസ്. ശർമ്മ
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ രീതിയിൽ വൈദ്യുതി ചാർജ്ജ് വർദ്ധന വരുത്താനാണ് ഇലക്ട്രിസിറ്റി ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യം ഉന്നയിച്ചിരിക്കുന്നത്;

(ബി) നിലവിൽ നൽകിവരുന്ന സൗജന്യങ്ങൾ എന്തെങ്കിലും വെട്ടിക്കുറയ്ക്കാൻ നിർദ്ദേശമുണ്ടോ;

(സി) റെഗുലേറ്ററി കമ്മീഷൻ ഇക്കാര്യത്തിൽ ഇതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

## വൈദ്യുതിനിരക്ക് വര്‍ദ്ധനവ്

1890 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി നിരക്ക് വര്‍ദ്ധിപ്പിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ നിരക്ക് വര്‍ദ്ധന എന്നത്തേക്ക് പ്രാബല്യത്തില്‍ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഇപ്രകാരം എത്ര തവണ വൈദ്യുതി നിരക്ക് കൂട്ടി; എപ്പോഴെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള നിരക്കില്‍ നിന്നും എത്ര ശതമാനം വര്‍ദ്ധന വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഇത് റഗുലേറ്ററി കമ്മിഷന്‍ എത്രയായി നിജപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇപ്രകാരം നിരക്ക് കൂടുമ്പോള്‍ ഉപഭോക്താക്കളില്‍ നിന്നും എത്ര കോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്;

(ഇ) 2002-ന് ശേഷം ആദ്യമായിട്ടാണ് വൈദ്യുതി നിരക്ക് കൂട്ടാന്‍ തീരുമാനിച്ചിരിക്കുന്നത് എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഗാര്‍ഹിക ഉപഭോക്താക്കള്‍ക്ക് ഏതു നിരക്കില്‍ ഫിക്സ്ഡ് ചാര്‍ജ് എര്‍പ്പെടുത്തുവാനാണ് ബോര്‍ഡ് ഉദ്ദേശിക്കുന്നത്; അതുവഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ബോര്‍ഡ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഫിക്സഡ് ചാര്‍ജ് ഏര്‍പ്പെടുത്തുന്നത് ഗാര്‍ഹിക ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

1891 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഗാർഹിക ഉപഭോക്താക്കൾക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**2011 മെയ്, 2012 മെയ് എന്നീ മാസങ്ങളിലെ വൈദ്യുതി ചാർജ്**

1892 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**2011 മെയ് 2012 മെയ് എന്നീ മാസങ്ങളിൽ ഗാർഹിക ഉപയോഗത്തിന് 1 യൂണിറ്റ് വൈദ്യുതിയുടെ ചാർജ് എത്രയെന്നുള്ള വിവരം ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്കിലെ കാലോചിതമായ വർദ്ധന</u>

1893 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന വൈദ്യുതി ബോർഡിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വർഷം എത്ര ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ വർദ്ധനവിലൂടെ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഒരു മാസം എന്ത് തുക വൈദ്യുതി ബോർഡിന് പിരിച്ചെടുക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയിലൂടെ ഉണ്ടാകുന്ന ഭാരം കുറയ്ക്കാൻ ഗവൺമെന്റ് സബ്സിഡി നൽകാൻ സാദ്ധ്യതയുണ്ടോ;

(ഡി) പീക് അവറിൽ അധികചാർജ്ജ് വേണമെന്ന ആവശ്യത്തിന്മേലുളള അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>സർവ്വീസ് കണക്ഷൻ - മാനദണ്ഡങ്ങൾ</u>**

**1894** **ശ്രീ. പാലോട് രവി**
**,, പി. സി. വിഷ്ണുനാഥ്**
**,, സണ്ണി ജോസഫ്**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ എന്തെല്ലാം ഇളവുകളാണ് കെ.എസ്.ഇ.ബി അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആരാധനാലയങ്ങൾക്കും പാർട്ടി ഓഫീസുകൾക്കും കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാം;

(സി) അനധികൃത കണക്ഷനുകൾ എടുക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കൽ**

1895 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) നടപടികൾ ലഘൂകരിക്കുന്നതു കൊണ്ടുള്ള പ്രയോജനം ഏത് വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്കാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഗാർഹിക വൈദ്യുതി കണക്ഷൻ</u>

**1896** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് വൈദ്യുതി വകുപ്പ് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഒന്നോ രണ്ടോ വൈദ്യുതി പോസ്റ്റുകൾ ആവശ്യമുള്ള കേസുകളിൽ ബി.പി.എൽ കുടുംബങ്ങൾക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വ്യവസായ ശാലകളുടെ വൈദ്യുതി ഉപഭോഗം - പരിശോധനാ സംവിധാനം**

1897 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യവസായ ശാലകളുടെ യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത പരിശോധിക്കാനും ക്ഷമതകുറഞ്ഞവയുടെ ന്യൂനതകൾ പരിഹരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഫാക്ടറികളുടെ പ്രതിമാസ വൈദ്യുതി ഉപഭോഗത്തിലെ പ്രകടമായ ഏറ്റക്കുറച്ചിലുകൾ പരിശോധിക്കാൻ വൈദ്യുതി ബോർഡിൽ എന്തെങ്കിലും സംവിധാനമുണ്ടോ;

(സി) സംസ്ഥാനത്തെ വൈദ്യുത ഉപഭോഗത്തിൽ വ്യവസായ ശാലകളുടെ പങ്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും മേജർ വ്യവസായ സ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം സ്വയം ജനറേറ്റ് ചെയ്യുന്ന വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ഉപയോഗശൂന്യമായ സി.എഫ്.എൽ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

1898 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.എഫ്.എൽ-ന്റെ ഉപയോഗം എത്ര ശതമാനമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിളക്കുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഉപയോഗശൂന്യമായ സി.എഫ്.എൽ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപയോഗശൂന്യമായ പ്രസ്തുത വിളക്കുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും ഉപയോഗശൂന്യമായ വിളക്കുകൾ തിരികെ ശേഖരിച്ച് സുരക്ഷിതമായി നശിപ്പിക്കുന്നതിന് ഉല്പാദകരുമായി വ്യവസ്ഥ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### സോളാർ ഹോം പദ്ധതി

1899 ശ്രീ. വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സോളാർ ഹോം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി വഴി ലഭിക്കുന്ന വൈദ്യുതി വിതരണം ചെയ്യുന്നതെങ്ങനെയാണ്;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായമാണ് നൽകാനുദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സൂര്യജ്യോതി പദ്ധതി</u>**

1900 **ശ്രീ. വി.ഡി. സതീശൻ**
**,, റ്റി.എൻ. പ്രതാപൻ**
**,, പി.എ. മാധവൻ**
**,, എ.പി. അബ്ദുള്ളക്കുട്ടി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സൂര്യജ്യോതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;**

(ബി) **ഏതെല്ലാം ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;**

(സി) **ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;**

# കേരള നിയമസഭ

## 19.06.2012 -ലെ മറുപടിക്ക്

**തിരമാലയിൽ നിന്നും വൈദ്യുതി**

1901 **ശ്രീ. എൻ.എ. നെല്ലിക്കുന്ന്**
**,, എം.പി. അബ്ദുസ്സമദ് സമദാനി**
**,, പി.കെ. ബഷീർ**
**,, എൻ.ഷംസുദ്ദീൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന കൈവരിച്ച നേട്ടം വിശദമാക്കുമോ;**

(ബി) **തിരമാലയിൽ നിന്നും എത്രമാത്രം ഊർജ്ജം ഉല്പാദിപ്പിക്കാം എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;**

(സി) **പൈലറ്റ് പ്രോജക്ട് എവിടെ സ്ഥാപിച്ചുവെന്നും ഏത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?**

(ഡി) **പ്രസ്തുത സാങ്കേതിക വിദ്യ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി പ്രതിദിനം ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>തിരമാലയിൽ നിന്നും വൈദ്യുതി</u>**

**1902** **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരമാലകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് വിഴിഞ്ഞത്ത് പ്രവർത്തിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനം അഭിമുഖീകരിക്കുന്ന ഊർജ്ജപ്രതിസന്ധി കണക്കിലെടുത്ത് തിരമാലകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സോളാർ ഫോട്ടോ വോൾട്ടേയ്ജ് ഇൻവെർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

1903 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പീക്ക് ലോഡ് കുറയ്ക്കുന്നതിനുള്ള സോളാർ ഫോട്ടോ വോൾട്ടെയ്ജ് ഇൻവെർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>ജൈവ ദ്രവ്യ ഉല്പാദനയൂണിറ്റുകളും പ്രവര്‍ത്തനവും</u>**

1904 **ശ്രീ. എ. കെ. ബാലന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളില്‍ ജൈവദ്രവ്യ ഊര്‍ജ്ജ ഉല്പാദന യൂണിറ്റുകള്‍ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

(ബി) **ഓരോ യൂണിറ്റിനും എന്ത് തുക ചെലവായി; പ്രസ്തുത യൂണിറ്റുകളില്‍ നിന്നും ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത യൂണിറ്റുകളില്‍ നിന്നും എന്തൊക്കെയാണ് ഉല്പാദിപ്പിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കാമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മുൻസർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ ലോഡ് ഷെഡിംഗ്**

1905 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനവ്യാപകമായി ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നത് എത്ര ദിവസങ്ങളിലായിരുന്നു എന്നും അത് ഏതെല്ലാം കാലയളവുകളിൽ ആയിരുന്നു എന്നതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലോഡ് ഷെഡിംഗ് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു; ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ലോഡ് ഷെഡിംഗ് ഏർപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ലോഡ്ഷെഡിംഗ്</u>

1906 ശ്രീ. കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എപ്പോഴെല്ലാമാണ് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നത് ; വിശദമാക്കുമോ ;

(ബി) ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയ സമയത്ത് വൈദ്യുതിയുടെ ആവശ്യവും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയായിരുന്നു;

(സി) ഈ സർക്കാർ ലോഡ്ഷെഡിംഗ് ഏർപ്പെടുത്താനുണ്ടായ അടിയന്തിര സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ആർ.എ.പി, ഡി.ആർ.പി എന്നീ നവീകൃത ഊർജ്ജ വികസന പദ്ധതികൾ**

1907 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ.എ.പി, ഡി.ആർ.പി എന്നീ നവീകൃത ഊർജ്ജ വികസന പദ്ധതി എന്ന പരിഷ്ക്കരണ പദ്ധതി എന്നാണ് ഒപ്പുവച്ചത് ; വിശദാംശം നൽകാമോ ;

(ബി) ചതുഷ്കോണ ഉടമ്പടി എന്നാണ് ഒപ്പ് വച്ചത് ; പദ്ധതിയുടെ വിശദാംശം ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാമോ ;

(സി) പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സ്തംഭിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി പോസ്റ്റുകളുടെ ഗുണമേന്മ**

1908 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവു വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വൈദ്യുതി പോസ്റ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;**

(ബി) **കോൺക്രീറ്റ് പോസ്റ്റുകളിൽ കനം കൂടിയ കമ്പികൾക്ക് പകരം ഇരുമ്പ് വയർ ഉപയോഗിക്കുന്നത് മൂലം പോസ്റ്റുകൾ ഒടിഞ്ഞ് വീഴുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;**

(സി) **എങ്കിൽ പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ കെ.എസ്.ഇ.ബി എഞ്ചിനീയർമാരുടെ സാന്നിദ്ധ്യവും പരിശോധനയും കർശനമാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി പോസ്റ്റുകൾ കേബിൾ റ്റി. വി. ശൃംഖലയ്ക്ക് അനുവദിക്കുമ്പോൾ ഈടാക്കുന്ന ചാർജ്**

1909 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി. വി. ആവശ്യത്തിന് നൽകുമ്പോൾ ചെറുകിട കേബിൾ ടി.വി ഓപ്പറേറ്റർമാരോടും വൻകിട കമ്പനികളോടും കെ. എസ്. ഇ. ബി. വിവേചനപരമായി പെരുമാറുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേബിൾ ടി.വി ആവശ്യത്തിന് വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുമ്പോൾ ഒരു പോസ്റ്റിന് നിലവിൽ എത്ര രൂപയാണ് ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാർ, വൻകിട കേബിൾ ടി. വി. കമ്പനികൾ എന്നിവരിൽ നിന്നും കെ. എസ്. ഇ. ബി. ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 1998 ൽ ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് ഒരു പോസ്റ്റിന് 17 രൂപയും വൻകിട കമ്പനികൾക്ക് 10 രൂപയുമായിരുന്നോ ഈടാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2012 ൽ ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽനിന്ന് ഒരു പോസ്റ്റിനുളള വാടക 108 രൂപയാക്കിയപ്പോൾ ചെറുകിടക്കാരുടെ വാർഷിക വർദ്ധനവ് 12.5% വും വൻകിടക്കാരുടേത് 5% വും ആക്കി നിജപ്പെടുത്തിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കേബിൾ ടി. വി . ഓപ്പറേറ്റർമാരിൽ നിന്നും ഈടാക്കുന്ന തുക**

1910 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുകിട കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് വൈദ്യുതി പോസ്റ്റ് അനുവദിക്കുമ്പോൾ അവരിൽ നിന്നും വരിസംഖ്യ മുൻകൂറായി കെ.എസ്.ഇ.ബി വാങ്ങാറുണ്ടോ;

(ബി) എങ്കിൽ ഇതുപോലെ വൻകിട കേബിൾ ടി. വി. കമ്പനിക്കാരിൽ നിന്നും വരിസംഖ്യ മുൻകൂറായി ഈടാക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ വൻകിട കേബിൾ ടി.വി ഓപ്പറേറ്റിംഗ് കമ്പനികളിൽ നിന്നും കെ. എസ്. ഇ. ബി ക്ക് കുടിശ്ശിക ലഭിക്കുവാനുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വൻകിട കേബിൾ ടി.വി. കമ്പനികളിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള എന്തെല്ലാം നടപടികളാണ് കെ. എസ്. ഇ.ബി കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**കേളകം 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

1911 **ശ്രീ. സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കേളകം, കൊട്ടിയൂർ, കണിച്ചാർ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപകാര പ്രദമായ വിധത്തിൽ കേളകം ആസ്ഥാനമായി ഒരു 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കേളകം 66 കെ.വി. സബ്സ്റ്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിൽ വൈദ്യുതി ഓഫീസ്**

1912 **ശ്രീ. സണ്ണി ജോസഫ്**
**,, എ. റ്റി. ജോർജ്**
**,, വർക്കല കഹാർ**
**,, അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഊർജ്ജ വകുപ്പിന്റെ സേവനങ്ങൾ ഒന്നുംതന്നെ ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;**

(ബി) **എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;**

(സി) **ഓരോ പഞ്ചായത്തിലും വൈദ്യുതി ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സമയബന്ധിതമായി പൂർത്തീകരിക്കുമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ പുതിയ സെക്ഷൻ ഓഫീസുകൾ**

1913 **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടിയിലും, പുഴക്കാട്ടിരിയിലും പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സെക്ഷന്‍ ഓഫീസുകളില്‍ കള്ളനോട്ട് തിരിച്ചറിയല്‍ സംവിധാനം</u>**

1914 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പില്‍
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നിരവധി ഉപഭോക്താക്കള്‍ പണമടയ്ക്കാന്‍ എത്തുന്ന കേരള സംസ്ഥാന വൈദ്യുതി ബോര്‍ഡിന്റെ സെക്ഷന്‍ ഓഫീസുകളില്‍ കള്ളനോട്ട് തിരിച്ചറിയുവാന്‍ വേണ്ട സംവിധാനം ഇപ്പോള്‍ നിലവിലില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അഞ്ഞൂറിന്റേയും ആയിരത്തിന്റേയും വ്യാജനോട്ടുകള്‍ സംസ്ഥാനത്ത് വ്യാപകമായി പ്രചരിക്കുന്ന സാഹചര്യത്തില്‍ കെ.എസ്.ഇ.ബി ആഫീസുകളില്‍ കള്ളനോട്ട് കണ്ടെത്തുവാനുള്ള സംവിധാനം അടിയന്തിരമായി സ്ഥാപിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>പിലാത്തറയിൽ സെക്ഷൻ ഓഫീസ്</u>**

1915 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കാസര്‍ഗോഡ് ജില്ലയില്‍ വൈദ്യുതീകരണ പ്രവര്‍ത്തികള്‍ക്ക് കാലതാമസം</u>**

1916 **ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **കാസര്‍ഗോഡ് ജില്ലയില്‍ സാധനസാമഗ്രികളുടെ ദൗര്‍ലഭ്യം മൂലം വോള്‍ട്ടേജ് ഇംപ്രൂവ്മെന്റ് പ്രവര്‍ത്തികള്‍, പുതിയ കണക്ഷന്‍ നല്‍കല്‍ എന്നീ വൈദ്യുതീകരണ പ്രവര്‍ത്തികള്‍ക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;**

(ബി) **എങ്കില്‍ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങള്‍ അറിയിക്കുമോ ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പേരാമ്പ്ര 33 കെ.വി. സബ്സ്റ്റേഷന്‍**

1917 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പേരാമ്പ്രയില്‍ അനുവദിച്ചിട്ടുള്ള 3 കെ.വി. സബ്സ്റ്റേഷന്‍ നിര്‍മ്മാണ പ്രവൃത്തികള്‍ എപ്പോള്‍ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സബ്സ്റ്റേഷന്‍ നിര്‍മ്മാണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) സബ്സ്റ്റേഷന്‍ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് ലൈന്‍ വലിക്കല്‍ പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടുണ്ടോ ;

(ഡി) സബ്സ്റ്റേഷന്‍ നിര്‍മ്മാണം മന്ദഗതിയിലാണെന്ന് കരുതുന്നുണ്ടോ ;

(ഇ എങ്കില്‍ അതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) 33 കെ.വി. സബ്സ്റ്റേഷന്‍ നിര്‍മ്മാണം സമയബന്ധിതമായി പൂര്‍ത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചട്ടഞ്ചാൽ വൈദ്യുതി സെക്ഷൻ ഓഫീസ്**

1918 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ വൈദ്യുതി സെക്ഷൻഓഫീസ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;**

(ബി) **എൻ.എച്ച്. 17-ന് സമീപം ഓഫീസിനായി കണ്ടെത്തിയ കെട്ടിടത്തിന് വാടക നൽകുന്നത് സംബന്ധിച്ച് ബോർഡ് തീരുമാനം വൈകുന്നതാണ് ഓഫീസ് പ്രവർത്തനം ആരംഭിക്കാനുള്ള തടസ്സം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(സി) **എങ്കിൽ തടസ്സങ്ങൾ നീക്കി ചട്ടഞ്ചാൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം അടിയന്തിരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>നീലേശ്വരം ഡിവിഷൻ ഓഫീസ്</u>**

**1919 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**നീലേശ്വരം കേന്ദ്രീകരിച്ച് ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?**

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>ആലംകോട് സെക്ഷൻ ഓഫീസ്</u>**

**1920** **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഇലക്ട്രിസിറ്റി ഓഫീസിന് കീഴിൽ ആലംകോട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഓഫീസിൽ ആണ് നടന്നുവരുന്നത്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകുമോ;

(സി) ആലംകോട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് ഇല്ലാത്തത് പ്രദേശവാസികളെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് സഹായം**

**1921 ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം എത്ര പേർ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞു;

(ബി) ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങൾ നൽകി;

(സി) കരാർ തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങളിൽ ഒരാൾക്കു വീതം കെ. എസ്. ഇ. ബി. യിൽ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വൈദ്യുതാഘാതത്തിൽ മരണപ്പെടുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ബോർഡ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>ന്യൂമാഹിയിൽ സെക്ഷൻ ആഫീസ്</u>**

**1922** **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ സെക്ഷൻ ആഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) സെക്ഷൻ ഓഫീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>പെരുമ്പാവൂർ സെക്ഷൻ വിഭജനം</u>**

**1923**

**ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയിട്ടുള്ള വിവിധ വിഭാഗം വൈദ്യുതി കണക്ഷനുകൾ എത്രയെന്ന് വ്യക്തമാക്കുമോ; പെരുമ്പാവൂർ സെക്ഷൻ വിഭജിച്ച് ഒക്കൽ സെക്ഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പുത്തൂർ മൈലാട്ടി 200 കെ. വി. ട്രാൻസ്മിഷൻ ലൈൻ**

**1924** **ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കർണ്ണാടകത്തിലെ പുത്തൂരിൽ നിന്നും മൈലാട്ടിയിലേക്ക് 220 കെ. വി. ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 19.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി വൈദ്യുതി സബ് സ്റ്റേഷൻ**

1925 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര മെഗാവാട്ട് സബ് സ്റ്റേഷനാണ് സ്ഥാപിക്കുന്നതെന്നും ഇതിനായി എത്ര ജീവനക്കാർ വേണ്ടിവരുമെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളത്തിനായുള്ള സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ വൈദ്യുതി സബ്സ്റ്റേഷനുകൾ**

1926 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള വൈദ്യുതി സബ്സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ പുതുതായി വൈദ്യുതി സബ്സ്റ്റേഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ നിലവിലുള്ള ഏതെങ്കിലും വൈദ്യുതി സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വള്ളിക്കുന്നം സബ്സ്റ്റേഷൻ</u>

1927 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വള്ളിക്കുന്നം സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നത് വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എരമംഗലം/പെരുമ്പടപ്പ് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ്**

**1928 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുണഭോക്താക്കളുടെ ബാഹുല്യം മൂലം പ്രയാസപ്പെടുന്ന പൊന്നാനി സെക്ഷൻ ഓഫീസ് വിഭജനം എന്നു നടത്താനാകും എന്ന് വിശദമാക്കുമോ;

(ബി) ഇതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം സെക്ഷന്റെ കീഴിൽ വരുന്ന മലപ്പുറം ജില്ലയിലെ ചെറവല്ലൂർ, പെരുമ്പടപ്പ് പ്രദേശങ്ങൾക്കായി എരമംഗലം/പെരുമ്പടപ്പ് കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>എൻഡോസൾഫാൻ ദുരിതബാധിർക്ക് സൗജന്യവൈദ്യുതി കണക്ഷൻ</u>**

1929 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**എൻഡോസൾഫാൻ ദുരന്തബാധിതരായ അവശകുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?**

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>രാജപുരത്ത് 110 കെ. വി. സബ്സ്റ്റേഷൻ</u>**

1930 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ രാജപുരത്ത് 110 കെ. വി. സബ്സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കാവാലം സബ്ബ് - സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം</u>**

**1931 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാവാലം സബ്ബ് - സ്റ്റേഷൻ നിർമ്മാണത്തിന് കണ്ടെത്തിയ സർവ്വേ നമ്പർ 232/1-ൽപെട്ട 72 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സബ്ബ് - സ്റ്റേഷൻ നിർമ്മാണത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് റവന്യൂ - വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**കെ. എസ്. ഇ. ബി. യുടെ ഉപയോഗശൂന്യമായ സാധനങ്ങളുടെ വില്പന**

**1932 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കെ. എസ്. ഇ. ബി. യുടെ ഉപയോഗശൂന്യമായ സാധനങ്ങൾ മാനദണ്ഡങ്ങൾ ലംഘിച്ച് വിൽപ്പന നടത്തിയതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾ ലംഘിച്ച് ഉപയോഗശൂന്യമായ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് വൈദ്യുത പാക്കേജ്**

**1933 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വൈദ്യുത പാക്കേജിൽ ഉൾപ്പെടുത്തി 42 കോടി രൂപയുടെ നവീകരണ/പുനരുദ്ധാരണ പ്രവർത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) അവശേഷിക്കുന്ന പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പാക്കേജിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് വൈദ്യുതി**

**1934**

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ കെ.ഐ.പി. കനാലിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് എന്നാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയത്; നിലവിൽ വൈദ്യുതി കണക്ഷൻ ഉണ്ടോ;

(ബി) ജലവിഭവ വകുപ്പ് എത്ര രൂപ അടച്ചിട്ടുണ്ട്; ഈ ആവശ്യത്തിലേക്കായി ജലവിഭവ വകുപ്പ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രത്തോളമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകിയ ഇനത്തിൽ ബോർഡിന് കുടിശ്ശിക തുക ലഭിക്കുവാനുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത തുക അടച്ച് കഴിഞ്ഞാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ**

1935 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നാദാപുരം മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഊർജ്ജരംഗത്ത് പ്രഖ്യാപിച്ച നൂറു ദിന കർമ്മപദ്ധതി</u>

**1936** **ശ്രീ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഊർജ്ജ രംഗത്ത് പ്രഖ്യാപിച്ച നൂറുദിന കർമ്മ പദ്ധതികളിൽ പ്രധാനപ്പെട്ട ഏതെല്ലാം നടപ്പാക്കി എന്നും ബാക്കി ഏതെല്ലാം നടപ്പാക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഊർജ്ജ വിതരണ രംഗത്ത് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സാധന സാമഗ്രികളുടെ സന്തുലിതമായ വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; ഗുണഭോക്താക്കളുടേയും അപേക്ഷകരുടേയും എണ്ണത്തിനനുസരിച്ച് സാധന സാമഗ്രികൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കായിലാണ്ടി നിയോജകമണ്ഡലത്തിലെ</u>**
**<u>വൈദ്യുത പദ്ധതികൾ</u>**

**1937 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ്ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പരിപാടികൾ/പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാമാണ് ഇപ്പോൾ നടപടികൾ പൂർത്തിയായി പ്രവർത്തന സജ്ജമായത് എന്ന് വ്യക്തമാക്കാമോ;

(സി) 2012-13 ബജറ്റിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പാക്കാനായി പ്രഖ്യാപിക്കുകയും തുക വകയിരുത്തുകയും ചെയ്തിട്ടുളള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരിച്ചവർക്കുള്ള ആനുകൂല്യങ്ങൾ**

1938 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരിച്ച ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരുടെ ആശ്രിതർക്ക് ഇതുവരെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്നും, ഇല്ലെങ്കിൽ അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിലെ സ്റ്റാഫ് പാറ്റേൺ</u>

1939 **ശ്രീ. കെ. രാധാകൃഷണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **വൈദ്യുതി ബോർഡിലെ സെക്ഷൻ, സബ് ഡിവിഷൻ തുടങ്ങിയ ആഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഏത് വർഷം നടപ്പിലാക്കിയതാണെന്ന് അറിയിക്കുമോ ;**

(ബി) **പ്രസ്തുത സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്ന സമയത്ത് ഓരോ സെക്ഷന് കീഴിലുമുണ്ടായിരുന്ന ശരാശരി ഉപഭോക്താക്കളുടെ എണ്ണം എത്രായായിരുന്നുവെന്ന് വ്യക്തമാക്കുമോ ;**

(സി) **ഇപ്പോൾ ഓരോ സെക്ഷനു കീഴിലുമുള്ള ശരാശരി ഉപഭോക്താളുടെ എണ്ണം എത്രയാണ് ;**

(ഡി) **ഉപഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിർണ്ണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിൽ സെക്ഷൻ ഓഫീസ്**

1940 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ ഓഫീസുകളിലായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നാദാപുരം മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി മസ്ദൂർമാരുടെ പ്രമോഷൻ**

1941 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിലുള്ളവരുടെ ലൈൻമാൻ തസ്തികയിലേക്കുള്ള പ്രമോഷനുകൾ എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രമോഷനിലൂടെ മസ്ദൂർ തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) മസ്ദൂർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മമ്മിക്കുന്ന് കോളനിയിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി**

1942 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി-ചൂരൽമല റോഡിലെ മമ്മിക്കുന്നിൽ വൈദ്യുതി ലഭ്യമാക്കാത്തതു മൂലം കോളനി നിവാസികൾ ബുദ്ധി മുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമാനുസൃതം പണമടച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും പ്രസ്തുത കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളനി നിവാസികൾക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥരുടെ നിഷേധാത്മക നയം**

**1943 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽപെട്ട പൂളിയിലപ്പാറ നിവാസികളുടെ പട്ടയത്തിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനറിപ്പോർട്ടിൽ കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർ ഒപ്പു രേഖപ്പെടുത്തുവാൻ വിസമ്മതിച്ചു എന്നു കാണിച്ചുള്ള തൃശ്ശൂർ ജില്ലാകളക്ടറുടെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർക്കാർ തീരുമാനത്തിനെതിരെ, ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നിഷേധാത്മക നിലവാടു മൂലം പാവപ്പെട്ടവർക്ക് നീതി ലഭിക്കാത്ത സാഹചര്യം ഒഴിവാക്കി അവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**അന്താരഷ്ട്ര നിലവാരത്തിലേക്ക് ഉയര്‍ത്തുന്ന റെയില്‍വേ സ്റ്റേഷന്‍**

**1944** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം റെയില്‍വേ സ്റ്റേഷനുകള്‍ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയര്‍ത്താന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കില്‍ ഇതില്‍ ഓരോ സ്റ്റേഷനും എത്ര തുകയുടെ വീതം എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>തീരദേശ റെയിൽവേ സോൺ</u>

1945 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എം. ഷാജി
,, വി.എം ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഒരു റയിൽവേ സോൺ വേണമെന്ന ആവശ്യം നടപ്പാക്കിക്കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ തീരം കേന്ദ്രീകരിച്ച് തീരദേശ റെയിൽവേ സോൺ എന്ന ആശയം പരിഗണനയിലുണ്ടോ;

(സി) തീരദേശ മേഖലയുടെ സമഗ്രവികസനത്തിന് സഹായകരമായ തീരദേശസോൺ പ്രാവർത്തികമാക്കിയെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി**

1946 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ ശിലാസ്ഥാപനം നടത്തിയതല്ലാതെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാർ ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലം റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ; സ്ഥലം വീണ്ടും സർവ്വേ ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫാക്ടറി നിർമ്മാണത്തിനുള്ള പങ്കാളിത്ത കമ്പനിയെ റെയിൽവേ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കോച്ച് ഫാക്ടറിയുടെ നിർമ്മാണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് അന്തിമ രൂപം ആയിട്ടുള്ളതായി സംസ്ഥാന സർക്കാരിന് അറിയുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൊച്ചി മെട്രോ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ**

1947 ശ്രീ. സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിക്കായി മുൻ സർക്കാർ നിയോഗിച്ച കൺസൽട്ടന്റ്, ഇതിനകം നടത്തിയ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ; കൺസൽട്ടന്റിനെ മാറ്റാനുള്ള ശ്രമം അവസാനിപ്പിച്ചതായി കരുതാമോ;

(ബി) പ്രിപ്പറേറ്ററി വർക്കുകൾ സമയബന്ധിതമായി നടക്കുന്നുണ്ടോ;

(സി) പദ്ധതിക്ക് ഏതെല്ലാം അനുമതികളാണ് ഇനിയും ലഭിക്കേണ്ടതായിട്ടുള്ളത്; അവ ഏതെല്ലാം ഘട്ടങ്ങളിലാണ്;

(ഡി) പദ്ധതി ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് പദ്ധതിക്ക് ഉറപ്പാക്കിയ തുക എത്ര; ഏതെല്ലാം നിലയിൽ ഫണ്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നു;

(ഇ) പദ്ധതിക്ക് മുൻ വർഷവും ഈ വർഷവം സംസ്ഥാന ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; എത്ര വീതം തുക ഇതിനകം ചെലവഴിക്കപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>റെയിൽവേ ഓൺലൈൻ റിസർവേഷൻ</u>

1948

ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ട്രെയിൻ യാത്രാ ടിക്കറ്റ് ഓൺലൈനായി 24 മണിക്കൂറും റിസർവ്വ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എം.പി.മാരുടേതു പോലെ റിസർവേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എം.എൽ.എ. ഹോസ്റ്റലിലെ റെയിൽവേ കൗണ്ടറിന്റെ പ്രവർത്തന സമയത്തിനു ശേഷവും ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിലും എം.എൽ.എ.മാർക്ക് റെയിൽവേ കൂപ്പൺ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്നതിനും ഇ.ക്യൂ. റിലീസ് ചെയ്യുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ട്രെയിൻ യാത്രക്കാരായ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ**

1949 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തായി ട്രെയിൻ യാത്രക്കാരായ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രെയിനിൽ സ്ത്രീ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്ത്രീകളുടെ കംപാർട്ട്മെന്റ് ട്രെയിനുകളുടെ മദ്ധ്യഭാഗത്താക്കണമെന്ന് റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ട്രെയിനുകളിൽ കേരളാപോലീസിന്റെ സേവനം</u>

1950 ശ്രീ. റോഷി അഗസ്റ്റിൻ
'' എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രെയിനിൽ പ്രത്യേകിച്ച് വനിതാ കംപാർട്ട്മെന്റുകളിൽ പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വോ;

(ബി) എന്നു മുതലാണ് ട്രെയിനുകളിൽ കേരള പോലീസിന്റെ സേവനം നല്കിത്തുടങ്ങിയതെന്ന് അറിയിക്കുമോ;

(സി) ട്രെയിൻ യാത്രികരുടെ സുരക്ഷയ്ക്കു സംസ്ഥാന സർക്കാർ എത്ര പോലീസുകാരെയാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇവരുടെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വ്യക്ത മാക്കുമോ;

(ഡി) ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപ ചെലവഴിക്കേണ്ടിവരുന്നുണ്ടെന്ന് വ്യക്ത മാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പരശുറാം, മാവേലി, ഏറനാട് എന്നീ എക്സ്പ്രസ്സ് ട്രെയിനുകൾക്ക് ചിറയിൻകീഴിൽ സ്റ്റോപ്പ്**

1951 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പരശുറാം, മാവേലി, ഏറനാട് എക്സ്പ്രസ്സ് ട്രെയിനുകൾക്ക് ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം</u>

1952 എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ജില്ലാതല സമിതിയുടെ രൂപീകരണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക ഇനം തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതു സംബന്ധമായി നടത്തിയിട്ടുള്ളതെന്ന് വിശദാംശം നല്കുമോ ;

(ഇ) നിത്യേന റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് അതോറിട്ടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>പയ്യന്നൂർ വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണം</u>

1953 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേയ്ക്ക് സമാന്തരമായുള്ള പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ അനുവദിച്ച വ്യാപാരസമുച്ചയ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റം**

1954 ശ്രീ. കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, സി. കൃഷ്ണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റത്തിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ക്രമക്കേട് നടക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ബസ്സുകളുടെ റൂട്ട് മാറ്റത്തിൽ അഴിമതി നടക്കുന്നതായി ലോകായുക്തയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാ സൗജന്യം</u>

1955 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ.കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങൾക്കാണ് യാത്രാസൗജന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ഒരു വർഷം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ പുതുതായി പ്രഖ്യാപിച്ച കാൻസർ രോഗികൾക്കുള്ള സൗജന്യ യാത്രാപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ**

1956 ശ്രീ. എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇത്തരം നമ്പർ പ്ലേറ്റ് ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്;

(സി) ആധുനിക സുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർമ്മിച്ച് അവ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് ശേഷിയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടോ;

(ഡി) സ്വകാര്യ ഏജൻസി മുഖേന ഇവ ഘടിപ്പിക്കുമ്പോൾ വാഹനമൊന്നിന് ശരാശരി എന്ത് തുക ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് എത്ര വാഹനങ്ങൾക്കാണ് ആധുനിക സുരക്ഷാ നമ്പർ പ്ലേറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ലൈറ്റുകൾ**

1957 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ലൈറ്റുകളുടെ തീവ്രത, ഇനം, തരം എന്നിവ സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമവ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ സംവിധാനമെന്താണ്; നിയമലംഘനത്തിനെതിരെ ശിക്ഷാനടപടി സ്വീകരിക്കാറുണ്ടോ;

(സി) വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഇൻഡിക്കേറ്റർ ലൈറ്റിംഗ് സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) വിമാനങ്ങളിലും മറ്റും ഉപയോഗിക്കുന്ന തരം അതിതീവ്ര ഫ്ളാഷ് ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് നിയമവിധേയമാണോ; അതുമൂലം അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മഡ് ഫ്ളാപ്പുകൾ ഇല്ലാത്ത വാഹന ഉടമകൾക്കെതിരെയും നിയമവിരുദ്ധ ഫിറ്റിങ്ങുകളുള്ള വാഹന ഉടമകൾക്കെതിരെയും നിയമാനുസൃത നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വികലാംഗർക്കുള്ള നൽകുന്ന യാത്രാ ആനുകൂല്യങ്ങൾ**

1958 **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, അൻവർ സാദത്ത്**
**,, ഷാഫി പറമ്പിൽ**
**,, എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് കെ.എസ്.ആർ.ടി.സി.യിൽ നൽകുന്ന യാത്രാ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) യാത്രാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം വിഭാഗത്തിലുള്ള വികലാംഗർക്കാണ് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

<u>ഡ്രൈവിംഗ് ലൈസൻസ്</u>

1959 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കെ. ജയചന്ദ്രൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കാൻ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കർശന പരിശോധനകൾക്ക് വിധേയമായിട്ടാണെന്ന് ഉറപ്പാക്കാൻ തയ്യാറാകുമോ;

(ബി) ആർ.ടി.ഒ.യിലെ ഏജന്റുമാരും ഡ്രൈവിംഗ് സ്കൂളുകാരും ചേർന്ന് നടത്തുന്ന അഴിമതിയിലൂടെ ശരിയായ പരിശീലനം നേടാതെ ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ</u>**

**1960** **ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്തു വിൽപ്പന നികുതി ചെക്കുപോസ്റ്റുകളോടനുബന്ധമായി മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;**

(ബി) **ഇപ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കാത്തതു മൂലം സർക്കാരിന് ഏതെല്ലാം തരത്തിലുള്ള വരുമാനശോഷണം ഉണ്ടാകുന്നു എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ;**

(സി) **ഓവർലോഡ്, പെർമിറ്റുകളുടെ അഭാവം എന്നിവ പരിശോധന വിധേയമാക്കുന്നതിന് അതിർത്തി ചെക്ക്പോസ്റ്റുകളോടു ചേർന്ന് മോട്ടോർ വാഹന വകുപ്പിന്റെ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാനിരക്ക്</u>

1961 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ഓട്ടോറിക്ഷാ ചാർജ്**

**1962** **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിശ്ചയിച്ചു നൽകുന്ന ഓട്ടോറിക്ഷാ ചാർജ് ഗ്രാമപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ആണെങ്കിൽ അമിത ചാർജ് ഈടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ടാക്സി-ഓട്ടോ യാത്രക്കാർക്ക് ബസ് ടിക്കറ്റ് നൽകുന്നതു പോലെ യാത്രക്കാർ നൽകുന്ന പണത്തിന് തെളിവായി ടിക്കറ്റോ രസീതോ നൽകണമെന്ന് നിയമവ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിയമവ്യവസ്ഥ കൊണ്ടുവരുന്നതിനും അവ പാലിക്കപ്പെടുന്നത് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വാളയാർ - മണ്ണുത്തി ദേശീയപാത വികസനം**

1963 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ വഴികടന്നുപോകുന്ന വാളയാർ - മണ്ണുത്തി ദേശീയപാത വികസനത്തിന്റെ പുരോഗതി ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ;

(ബി) സമയബന്ധിതമായി ദേശീയപാത നിർമ്മാണം പൂർത്തീകരിക്കാത്തതുമൂലമുള്ള വാഹനാപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദേശീയപാത വികസനം എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ;

(ഡി) പാലക്കാട് ജില്ലയിൽ റോഡ് സുരക്ഷാ കമ്മിറ്റി കൃത്യമായി ചേരാറുണ്ടോ; ആയതിന്റെ പ്രവർത്തനം തൃപ്തികരമാണോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ പുതിയ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസ്**

**1964 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ട്രാൻസ്‌പോർട്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കോഴിക്കോട് ജില്ലയിൽ പുതിയ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസ് അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പേരാമ്പ്ര മണ്ഡലത്തിൽ ഒരു റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. യൂണിയനുകളുമായി ഒപ്പുവച്ച ശമ്പള കരാർ**

**1965** **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യൂണിയനുകളുമായി ഒപ്പുവച്ച ശമ്പള കരാർ പ്രകാരം ജീവനക്കാർക്ക് എന്നുമുതലാണ് ആനുകൂല്യങ്ങൾ നല്കിത്തുടങ്ങുന്നത്;

(ബി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുന്ന ഡി. എ. നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ നിലനിൽക്കുന്ന അന്തരം ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും റഫറണ്ടത്തിന് മുമ്പായി ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ശ്രീ. സുലൈമാന്റെ പോസ്റ്റിംഗ്</u>

1966 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും 26.05.2006-ന് വിടുതൽ ചെയ്ത കണ്ടക്ടർ ശ്രീ. സുലൈമാൻ കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിൽ റിപ്പോർട്ട് ചെയ്തത് എന്നാണ് ;

(ബി) റീപോസ്റ്റിംഗ് നല്കിയ ടിയാന് എന്നുമുതൽ ശമ്പളം നല്കിയിട്ടുണ്ടെന്ന് പറയാമോ ;

(സി) പോസ്റ്റിംഗിന് കാത്തിരുന്ന കാലം ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നല്കണമെന്ന ടിയാന്റെ അപേക്ഷ പ്രകാരം ശമ്പളം നല്കിയിട്ടുണ്ടോ ;

(ഡി) ശമ്പളം നല്കണമെന്ന് സർക്കാരിൽ നിന്നും നല്കിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ ; എങ്കിൽ അതനുസരിച്ച് ശമ്പളം നല്കിയതിന്റെ വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ഉഴവൂർ കേന്ദ്രമായി ജോയിന്റ് ആർ.റ്റി.ഒ ഓഫീസ്</u>

1967 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ കേന്ദ്രമായി ജോയിന്റ് ആർ.റ്റി.ഒ ഓഫീസ് സ്ഥാപിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ വർഷം എവിടെയൊക്കെയാണ് പുതിയ ആർ.റ്റി. ഓഫീസുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പുതിയ ആർ.റ്റി ഓഫീസ് തുടങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ്;

(ഡി) ഉഴവൂരിൽ മുൻപ് ആർ.റ്റി ഓഫീസ് ഉണ്ടായിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

**കേരള നിയമസഭ**

**19.06.2012 -ലെ മറുപടിക്ക്**

**<u>സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ</u>**

**1968** **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ സ്ഥലംമാറ്റം നടത്തുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്താണെന്നും നിലവിൽ വന്നത് എന്നാണെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി.യിലെ ആശ്രിത നിയമനം</u>

1969 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. കണ്ണൂര്‍ ഡിപ്പോയില്‍ ഡ്രൈവറായിരിക്കെ 28.07.2008 ല്‍ മരണപ്പെട്ട കെ. പ്രവീണിന്റെ സഹോദരനും ആശ്രിതനുമായ ശ്രീ. കെ. ജഗത്തിന് നിയമനം നല്‍കിയിട്ടുണ്ടോ;

(ബി) ശ്രീ. ജഗത്ത് ഇക്കാര്യത്തില്‍ അപേക്ഷ നല്‍കിയതു മുതല്‍ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) 25.07.2009 നു തന്നെ അപേക്ഷ സമര്‍പ്പിച്ച ജഗത്തിന് ആശ്രിതനിയമനം നല്‍കുന്നതിന് തടസ്സമായി നിന്ന സാഹചര്യങ്ങള്‍ വിശദമാക്കാമോ;

(ഡി) കണ്ണൂര്‍ ജില്ലാ ആഫീസില്‍ നിന്നും ചീഫ് പേഴ്സണല്‍ മാനേജര്‍ക്ക് നല്‍കിയ കത്തിന്മേലുള്ള നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ജീവനക്കാരെ പിരിച്ചുവിട്ട് വീണ്ടും നിയമനം</u>

1970 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കെ.എസ്. ആർ.ടി. സി. ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിട്ട് വീണ്ടും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ആനുകൂല്യങ്ങൾ നൽകാതെ പിരിച്ചുവിടൽ</u>

1971 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ സർവ്വീസ് ചട്ടങ്ങൾ പ്രാബല്യത്തിൽ ഉള്ളതും സർക്കാർ ഉടമസ്ഥതയിൽ ഉള്ളതും ആയ തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ശ്രീ. ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരെ 55 വയസ്സിൽ യാതൊരുവിധ ആനുകൂല്യങ്ങളും നൽകാതെ പിരിച്ചിവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എട്ട് വർഷത്തിന്മേൽ ജോലിചെയ്തവരെ സ്ഥിരപ്പെടുത്തിയ നടപടി**

**1972** **ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ എട്ട് വർഷത്തിന്മേൽ ജോലിചെയ്ത എത്രപേരെ സ്ഥിരപ്പെടുത്തിയെന്ന് പറയാമോ;

(ബി) ഇങ്ങനെ സ്ഥിരപ്പെടുത്തിയ ലിസ്റ്റിൽ ചില ഡിപ്പോകളിലെ മെക്കാനിക്കൽ സെക്ഷനിൽ ഉൾപ്പെടെ ജോലി ചെയ്തവരെ വിട്ട്പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെകൂടി സ്ഥിരപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വിട്ട്പോയവർ ആരെങ്കിലും തങ്ങളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും പരാതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എസ്.സി.റ്റി. ഇഞ്ചിനീയറിംഗ് കോളേജ് ജീവനക്കാരുടെ പെൻഷൻ പ്രായം**

**1973** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് എന്ന് പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കരയിൽ കെ.എസ്.ആർ.റ്റി.സി ഷോപ്പിംഗ് കോംപ്ലക്സ്**

**1974** **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ കെ.എസ്. ആർ.റ്റി.സി. ഷോപ്പിംഗ് കോംപ്ലക്സായ പുലമൺപ്ലാസയിലെ കടമുറികൾ ലേലം ചെയ്യുന്നതിലൂടെ ലഭിച്ച ഡിപ്പോസിറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത ഷോപ്പിംഗ്കോംപ്ലക്സിൽ ലേലം ചെയ്യപ്പെടാതെയോ ലേലത്തിൽ എടുക്കാതെയോ അവശേഷിക്കുന്ന കടമുറികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് ഈടാക്കുന്ന വാടക നിരക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

ഗ്രാമീണമേഖലയിൽ ജലഗതാഗത സൗകര്യം

1975 ശ്രീ. സി.പി. മുഹമ്മദ്
,, വർക്കല കഹാർ
,, റ്റി.എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിൽ ജലഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇവിടങ്ങളിൽ സർക്കുലർ സർവ്വീസ് സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നിലവിലുള്ള ബോട്ടുകൾക്ക് പകരം സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) തിരക്കുള്ള സ്ഥലങ്ങളിൽ സ്റ്റേഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി പാലോട് ഡിപ്പോ</u>

1976 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പാലോട് ഡിപ്പോയിൽ നിലവിലുള്ള സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസുകളുടെ കുറവുണ്ടെന്ന് അറിയിക്കുമോ;

(ബി) കുറവുള്ള ബസ്സുകൾ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**അന്തർ സംസ്ഥാന സർവ്വീസ്**

**1977 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അന്തർ സംസ്ഥാന സർവ്വീസുകളിൽ എത്ര കിലോമീറ്ററുകളുടെ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന വിവരം നൽകുമോ;

(ബി) എത്ര സ്വകാര്യ ബസ്സുകൾക്ക് പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കുത്താമ്പുള്ളിയിൽ നിന്ന് കോയമ്പത്തൂരിലേക്ക് ബസ് സർവീസ്**

**1978 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തമിഴ്നാട് സർക്കാരുമായി നിലവിലുള്ള അന്തർസംസ്ഥാന ബസ് ഗതാഗത കരാർ പുതുക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കരാർ പുതുക്കേണ്ടതെന്നാണെന്ന് അറിയിക്കുമോ ;

(ഡി) ചേലക്കര മണ്ഡലത്തിലെ പരമ്പരാഗത കൈത്തറി വ്യവസായ കേന്ദ്രമായ കുത്താമ്പുള്ളിയിൽ നിന്ന് കോയമ്പത്തൂരിലേക്ക് ദിവസവും ധാരാളം പേർ വാണിജ്യാവശ്യത്തിലേക്ക് യാത്ര ചെയ്യുന്ന സാഹചര്യത്തിൽ കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂരിലേക്ക് ഒരു ബസ് സർവീസ് ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) അന്തർസംസ്ഥാന കരാർ പുതുക്കുന്ന സമയത്ത് പ്രസ്തുത ബസ് സർവീസ് കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളോട് അനുബന്ധിച്ച് വ്യാവസായിക കച്ചവട സമുച്ചയങ്ങൾ**

**1979 ശ്രീ. ജി.എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ് ഡിപ്പോകളോടു് അനുബന്ധിച്ച് വ്യാവസായിക കച്ചവട സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നു പറയാമോ; സംസ്ഥാനത്ത് ഏതൊക്കെ, സ്ഥലങ്ങളിൽ നിലവിൽ നിർമ്മാണം നടക്കുന്നുവെന്നും അറിയിക്കുമോ;

(സി) അഞ്ച് ഏക്കർ ഭൂവിസ്തൃതി ഉള്ളതും നാഷണൽ ഹൈവേയോട് ചേർന്നുള്ളതുമായ ചാത്തന്നൂർ ഡിപ്പോയിൽ പ്രസ്തുത പദ്ധതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി എടുക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>**

**1980** **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര ബസുകളാണ് സർവീസ് നടത്തുന്നത് ;

(സി) സർവീസ് നടത്താനാവാതെ ഡിപ്പോകളിൽ എത്ര ബസുകൾ നിർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ജില്ലയിൽ കൂടുതൽ കുട്ടികൾക്ക് സ്റ്റുഡന്റ് പാസ് നൽകുന്ന കാര്യം ആലോചിക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കോഴിക്കോട് കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാന്റ് നിർമ്മാണം</u>**

**1981 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാന്റ് നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും, എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**കൊട്ടാരക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ റദ്ദ് ചെയ്ത ഷെഡ്യൂളുകൾ**

**1982 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ പ്രതിദിനം എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്യപ്പെടുന്നുണ്ട്; അറിയിക്കുമോ;

(ബി) 2012 ജൂൺ 4-ാം തീയതി എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്യപ്പെട്ടു; വിശദമാക്കുമോ;

(സി) ഷെഡ്യൂളുകൾ റദ്ദ് ചെയ്യപ്പെടുന്നതിന്റെ പ്രധാന കാരണങ്ങൾ എന്താണ്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡിപ്പോയിൽ എത്ര റൂട്ടുപെർമിറ്റുകൾ അനുവദിച്ചു; അവ ഏതെല്ലാമാണ്; അവയിൽ എത്ര എണ്ണം സർവ്വീസ് ആരംഭിച്ചു; വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോ വികസനം</u>

1983 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോ വികസനത്തിനായി എത്ര ഭൂമി ഏറ്റെടുക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) സ്ഥലപരിമിതി ഡിപ്പോയുടെ തുടർവികസനത്തിന് പ്രതിസന്ധിയുണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേക്ക് മാറ്റിയ ബസ്സുകളുടെ വിശദാംശം**

1984 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഡിപ്പോയിലേക്ക് പുതിയതായി അനുവദിച്ച ബസുകളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) കൊട്ടാരക്കര ഡിപ്പോയിൽ നിലവിൽ ഡോക്ക് ചെയ്യപ്പെട്ട ബസുകളുടെ എണ്ണം എത്രയാണ്;

(സി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കൊട്ടാരക്കര ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേക്ക് എത്ര ബസുകൾ മാറ്റിയിട്ടുണ്ട്;

(ഡി) പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോകളിലേയ്ക്കാണ് മാറ്റിയത്;

(ഇ) അപ്രകാരം മാറ്റാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർമാരുടെയും സ്പെയർ പാർട്സിന്റെയും കുറവ്**

1985 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ബസ്സുകളുടെ ഷാസികൾ ഉപയോഗിക്കാതെ കാടുപിടിച്ച് കിടക്കുന്ന പത്രവാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർമാരുടെയും സ്പെയർ പാർട്സിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസ്**

1986 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി സ്റ്റേഷന് ഈ വർഷം എത്ര പുതിയ ബസ് അനുവദിച്ചിട്ടുണ്ട്;

(ബി) കൂടുതൽ പുതിയ ബസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ശബരിമല ബസ്സിന് ചടയമംഗലത്ത് ഫെയർ സ്റ്റേജ്**

**1987 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് ഇക്കഴിഞ്ഞ സീസണിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ അധികമായി ഷെഡ്യൂൾ ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതേ സീസണിൽ കെ.എസ്.ആടി.സി. ചടയമംഗലം ഡിപ്പോയിൽ നിന്നും എത്ര പുതിയ ഷെഡ്യൂളുകളാണ് ശബരിമലയിലേക്ക് ഓപ്പറേറ്റ് ചെയ്തത്;

(സി) ചടയമംഗലത്ത് ശബരിമല ബസ്സിനു ഫെയർ സ്റ്റേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ചിറയിൻകീഴ് താലൂക്കിൽ രാജധാനി സർവ്വീസ്**

1988 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ രാജധാനി സർവ്വീസ് തിരുവനന്തപുരം ജില്ലയിൽ എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽനിന്നും ഗ്രാമങ്ങളെ ബന്ധപ്പെടുത്തി ആരംഭിച്ച പ്രസ്തുത സർവ്വീസുകളിൽ ചിറയിൻകീഴ് താലൂക്കിലെ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് സർവ്വീസുകൾ ഓപ്പറേറ്റുചെയ്യുന്നത് എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി ചടയമംഗലം ഡിപ്പോയിലെ ഷെഡ്യൂളുകൾ</u>**

1989 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചടയമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും എത്ര പുതിയ ഷെഡ്യൂളുകളാണ് ഓപ്പറേറ്റു ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി വിഴിഞ്ഞം, പൂവാർ ഡിപ്പോകളിൽ ഡ്രൈവർമാരുടെ താത്ക്കാലിക നിയമനം**

**1990 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, പൂവാർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ ആവശ്യത്തിന് ഡ്രൈവർമാർ ഇല്ലാത്തതു കാരണം പല ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ താത്ക്കാലിക അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**ഓച്ചിറ - ചെട്ടികുളങ്ങര ബസ് സർവ്വീസ്**

**1991** **ശ്രീ. സി.കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ക്ഷേത്രത്തേയും ചെട്ടികുളങ്ങര ക്ഷേത്രത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിൽ - ഓച്ചിറ - പ്രയാർ - ദേവികുളങ്ങര-പുതുപ്പള്ളി-കായംകുളം-തുടർന്ന് ദേശീയ പാത വഴി കരീലകുളങ്ങര - പത്തിക്കർ -ഭഗവതിപാടി - ചെട്ടികുളങ്ങര- തട്ടാരമ്പലം വഴി കെ.എസ്.ആർ.ടി.സി പുതിയ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കായംകുളം ഡിപ്പോയിൽ നിന്നും അടുത്ത കാലത്ത് നിർത്തലാക്കിയ 6.15 എ കരുനാഗപ്പള്ളി, 6.50 വലിയഴീക്കൽ, 5.35 കുളത്തൂപ്പുഴ, 6.30 സി മാവേലിക്കര, 6.40 കോട്ടയം മെഡിക്കൽ കോളേജ്, 6.45 കരുനാഗപ്പള്ളി-അഴിയടത്തുചിറ - ചങ്ങനാശ്ശേരി, 7.30 ചിറയ്ക്കൽ, 7.50 കെ കരുനാഗപ്പള്ളി, 7.30 പി കരുനാഗപ്പള്ളി തുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ കെ.എസ്.ആർ.ടി.സി ആരംഭിച്ച പുതിയ സർവ്വീസുകൾ**

**1992 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ കെ.എസ്.ആർ.ടി.സി എത്ര റൂട്ടിൽ പുതുതായി സർവ്വീസുകൾ ആരംഭിച്ചു എന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര റൂട്ടിൽ ലാഭകരമല്ലാത്തതു കാരണം സർവ്വീസ് നിർത്തലാക്കി എന്നും വ്യക്തമാക്കുമോ;

(സി) വടകര-പയ്യോളി-പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റൂട്ടിൽ കെ.എസ്. ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച രണ്ട് രാജധാനി ബസുകളുടെ ഉദ്ഘാടനം**

1993 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതുതായി അനുവദിച്ച രണ്ട് രാജധാനി ബസുകളുടെ റിംഗ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങലിൽ തുടങ്ങി ആറ്റിങ്ങലിൽ അവസാനിക്കുന്ന പ്രസ്തുത ബസ് സർവ്വീസുകളുടെ ഉദ്ഘാടന ചടങ്ങ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ. യെ അറിയിക്കാതിരുന്നത് അന്വേഷിക്കുമോ;

(സി) പ്രസ്തുത ബസ് സർവ്വീസുകളുടെ ഉദ്ഘാടന ചടങ്ങ് എവിടെവച്ചാണ് നടത്തിയത്; ആരാണ് ഉദ്ഘാടനം നടത്തിയത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്ഘാടന ചടങ്ങ് സ്ഥലം എം.എൽ.എ. യെ അറിയിക്കാതിരുന്നാൽ ആയത് ചട്ടവിരുദ്ധമാണോയെന്ന് പരിശോധിക്കുമോ;

(ഇ) ഒരു ഡിപ്പോയ്ക്ക് അനുവദിക്കുന്ന ബസുകളുടെ റൂട്ട് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(എഫ്) ആരൊക്കെ ചേർന്നാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി രാത്രികാല ബസ് സർവ്വീസ്**

1994 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ രാത്രികാലങ്ങളിലും അതിരാവിലെയും യാത്ര ചെയ്യുന്നതിന് പൊതുജനം ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യാത്രാക്ലേശം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) വടക്കൻ ജില്ലകളിലേയ്ക്ക് സർവ്വീസ് നടത്തുന്ന രാത്രികാല സർവ്വീസുകളിൽ നിശ്ചിത എണ്ണം വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അന്തർ ജില്ലാ സർവ്വീസുകൾ നടത്തുന്നതിന് പുതുതായി പെർമിറ്റ് നൽകുമ്പോൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴിയുള്ള സർവ്വീസിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭ
19.06.2012 -ലെ മറുപടിക്ക്

**കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം**

1995 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോട് ചേർന്ന് നിൽക്കുന്ന കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ ബസ് ടെർമിനലും, ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ</u>**

1996 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് എത്ര ബസ്സുകളാണ് ഉളളത്;

(ബി) നിലവിൽ പ്രസ്തുത ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ ഒരു ദിവസം ഓപ്പറേറ്റ് ചെയ്യുന്നു എന്ന് അറിയിക്കുമോ;

(സി) ദിവസം ശരാശരി എത്ര ട്രിപ്പുകളാണ് മുടങ്ങുന്നത് എന്ന് അറിയിക്കുമോ;

(ഡി) ട്രിപ്പുകൾ മുടങ്ങുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പുതിയ 15 ബസ് ചേർത്തല ഡിപ്പോയ്ക്ക് അനുവദിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>പുതിയ ബസ്സുകളും റൂട്ടുകളും</u>

1997 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1000 ബസ്സുകൾ നിരത്തിലിറക്കുമെന്നും അതിൽ 60% പുതിയ റൂട്ടുകളിൽ ആയിരിക്കുമെന്നുമുളള 2011-12 വർഷത്തെ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ എത്ര പുതിയ ബസ്സുകളും റൂട്ടുകളും അനുവദിച്ചിട്ടുണ്ട്;

(സി) ഇതിൽ തളിമ്പറമ്പ് നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പുതിയ റൂട്ടും ബസ്സും ഏതൊക്കെയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരസഭയിലെ യാത്രാപ്രശ്നം</u>

1998 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

1999 **ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എൻ.എച്ച്.212 നോട് ചേർന്ന് കിടക്കുന്ന ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(സി) നിലവിലുള്ള കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) പതിമൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര ബസുകളാണ് ഇവിടെ സർവ്വീസ് നടത്തുന്നത്;

(ഇ) ഇവയ്ക്ക് പകരം പുതിയ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത ഡിപ്പോയിലെ ശരാശരി വരുമാനം എത്രയാണ്; വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസുകൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സർവ്വീസ് നടത്തുന്നത്;

(എച്ച്) കോഴിക്കോട് - അടിവാരം (എൻ.എച്ച്.212) റൂട്ടിൽ ലോ ഫ്ളോർ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

### വയനാട് ജില്ലയിലെ കോട്ടത്തറഗ്രാമപഞ്ചായത്തിലെ പുതിയ ബസ്റൂട്ട്

2000 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കോട്ടത്തറഗ്രാമപഞ്ചായത്തിലെ ഗ്രാമ ചൈതന്യാ ഗ്രന്ഥാലയം വാളൽ കൽപ്പറ്റ - വാളൽ വഴി പടിഞ്ഞാറത്തറക്ക് പുതിയ ബസ്റൂട്ട് അനുവദിക്കുന്നത് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ബസ്സുകൾ അനുവദിച്ചുവെന്നും, എത്ര ട്രിപ്പുകൾ സർവ്വീസുകൾ നടത്തുന്നുവെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>കാഞ്ഞങ്ങാട് സബ്ഡിപ്പോയുടെ നിർമ്മാണം</u>**

**2001** **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി സബ്ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഡിപ്പോയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലേക്കുള്ള പ്രവേശന കവാടം**

2002 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലേക്കുള്ള പ്രവേശന കവാടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;**

(ബി) **അക്വിസിഷൻ നടപടികളിൽനിന്നും വിട്ടുപോയിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?**

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം</u>**

**2003** **ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ ബസുകളുടെ മത്സര ഓട്ടം മൂലമുണ്ടായ അപകടങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ ഇക്കഴിഞ്ഞ വര്‍ഷം രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് ലിസ്റ്റ്
ലഭ്യമാക്കുമോ;

(ബി) അവയില്‍ എത്ര കേസ്സിന്‍മേല്‍ സ്വകാര്യ ബസ് ജീവനക്കാര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) സ്വകാര്യ ബസുകളുടെ വേഗത നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, പ്രത്യേകമായി സംവിധാനങ്ങള്‍ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ ഇത്തരം പുതിയ ഒരു സംവിധാനം ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ബസ്സ് ജീവനക്കാരുടെ വിവേചന നടപടികൾ**

2004 ശ്രീ. ബെന്നി ബഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സ് ജീവനക്കാരുടെ വിവേചന നടപടികൾക്കെതിരെ പരാതി നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ്;

(സി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പരാതികളിന്മേൽ അന്വേഷണം നടത്താനും അവയ്ക്ക് പരിഹാരം കാണാനും എന്തൊക്കെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ചടയമംഗലം കെ.എസ്.ആർ.ടി.സി. ഗ്യാരേജ്</u>

**2005** **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിന്റെ ഗ്യാരേജ് മാറ്റുന്ന നടപടികളുടെ ഭാഗമായിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പണി പൂർത്തിയാക്കി ഗ്യാരേജ് മാറ്റം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഭരണപരമായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**എടത്വാ ഡിപ്പോയുടെ നവീകരണം**

**2006** **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഏക കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയായ എടത്വാ ഡിപ്പോയുടെ നവീകരണത്തിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുമോ;

(ബി) ജീവനക്കാർക്കുള്ള റിട്ടയറിംഗ് റൂം, ബാത്ത്റൂം എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) എടത്വാ ഡിപ്പോയിൽനിന്നും പുതിയ ഷെഡ്യൂളുകളും സർവ്വീസുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

**2007** ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പൊള്ളാച്ചിയിൽ നിന്നും ബാൽപ്പാറ, മലക്കപ്പാറ, വാഴച്ചാൽ, അതിരപ്പിള്ളി വഴി ചാലക്കുടിക്ക് നിലവിൽ സർവ്വീസ് നടത്തുന്നതിന് പകരമായി ചാലക്കുടിയിൽ നിന്നും അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, പൊള്ളാച്ചി വഴി പഴനിക്ക് ഒരു ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ ഷീറ്റുകൾ അടിയന്തിരമായി മാറ്റി മഴക്കാലത്തും വർക്ക് ചെയ്യുവാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട്-ബാലുശ്ശേരി - മണ്ണാംപൊയിൽ ബസ് സർവ്വീസ്</u>**

**2008 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - ബാലുശ്ശേരി - മണ്ണാംപൊയിൽ റൂട്ടിൽ അനുവദിക്കപ്പെട്ട കെ.എസ്.ആർ.ടി. സി ബസ് സർവ്വീസ് നടത്താത്തതിന്റെ കാരണം അറിയിക്കാമോ ;

(ബി) പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് ഉത്തരവ് നൽകാമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ ബസ് സർവ്വീസ്**

2009

**ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ മുമ്പ് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തിയിരുന്നു; നിലവിൽ ഈ റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത റൂട്ടിൽ വെട്ടിക്കുറച്ച കെ.എസ്.ആർ.ടി.സി. ചെയിൻ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

<u>വിഴിഞ്ഞം ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ</u>

2010 **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം വിഴിഞ്ഞം ഡിപ്പോയ്ക്ക് എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അലോട്ട് ചെയ്തിട്ടുണ്ട് ;

(ബി) ബസ്സുകളുടെ കുറവ് കാരണം പല ഷെഡ്യൂകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല എന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**<u>മങ്കട മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസ് സർവ്വീസ്</u>**

**2011 ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ സർവ്വീസ് ആരംഭിക്കുന്നതിന് പുതുതായി കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ സർവ്വീസ് നടത്തുന്നതിന് പുതുതായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യുന്ന ബസുകളുടെ എണ്ണം**

2012

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ കുറവുള്ള ബസ്സുകൾ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കൽപ്പറ്റ ഗവൺമെന്റ് കോളേജ് ജംഗ്ഷനിൽ ബസ് സ്റ്റോപ്പ്**

2013 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര, ടൗൺ ടു ടൗൺ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് കൽപ്പറ്റ ഗവൺമെന്റ് കോളേജ് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കോളേജ് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജംഗ്ഷനിൽ ദീർഘദൂര ടൗൺ ടു ടൗൺ ബസ്സുകൾക്കും റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**പെരുമ്പളം ഫെറി സർവ്വീസ് സ്പെയർ ബോട്ടുകൾ**

**2014** **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പളം ദ്വീപ് പഞ്ചായത്തിലെ മൂന്ന് ഫെറി ജട്ടികളിലും മിക്കവാറും ദിവസങ്ങളിൽ ബോട്ടുകൾ മുടങ്ങുന്നത് മൂലം യാത്രക്കാർ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ദുരിതം പരിഹരിക്കുന്നതിനായി മൂന്ന് സ്പെയർ ബോട്ടുകൾ മൂന്ന് ഫെറി സർവ്വീസുകൾക്കായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിരന്തരമായി ബോട്ടുകൾക്ക് ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനായി പെരുമ്പളത്ത് ഒരു ബോട്ട് മെയ്ന്റനൻസ് വർക്ക്ഷോപ്പ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**കഠിനംകുളം കായലിൽ ബോട്ട് സർവ്വീസ്**

2015 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കഠിനംകുളം കായലിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കി ബോട്ട് സർവ്വീസ് അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2012 -ലെ മറുപടിക്ക്

**ബസ്സുകൾ മുടങ്ങുന്നതിന്റെ മാനദണ്ഡം**

2016 **ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൂടുതൽ ബസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബസുകൾ വാങ്ങിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.06.2012 -ലെ മറുപടിക്ക്

**15 വർഷത്തിനു മുകളിൽ പഴക്കമുള്ള സ്കൂൾ ബസ്സുകൾ**

2017 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 15 വർഷത്തിനു മുകളിൽ പഴക്കമുള്ള ബസ്സുകൾ സ്കൂൾ ബസ്സായി ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഈ അദ്ധ്യയനവർഷം സ്കൂൾ ബസ് ഡ്രൈവർമാർക്കായി പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പരിശീലനം നടന്നത്; പരിശീലനം നേടാത്ത ഡ്രൈവർമാർക്ക് പരിശീലനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2012 -ലെ മറുപടിക്ക്**

**താലൂക്കുകളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ**

**2018** **ശ്രീ. പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യത്യസ്ത റോഡപകടങ്ങളിൽപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര മനുഷ്യജീവൻ നഷ്ടപ്പെട്ടുവെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം അപകടത്തിൽപ്പെട്ടവരിൽ അംഗഭംഗം വന്നവർ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ താലൂക്ക് തലങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?